**കണ്ണൂർ സർവ്വകലാശാല**

**അക്കാദമിക് ഡി വിഭാഗം**

---

നമ്പർ. Acad.D4/5898/Gen/2020 സിവിൽ സ്റ്റേഷൻ (പി.ഒ)തീയതി: 06.07.2023

**സർക്കുലർ**

വിഷയം:- മൂന്നാം സെമസ്റ്റർ ബിരുദ പ്രോഗ്രാം - കോളേജ് മാറ്റം, പുന:പ്രവേശനം - എം സി എ , ബി എഡ് , പഠനവകുപ്പുകളിലെ ബിരുദാനന്തര ബിരുദം എന്നീ പ്രോഗ്രാമുകളുടെ മൂന്നാം സെമെസ്റ്ററുകളിലേക്ക് പുന:പ്രവേശനം -യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ് - സംബന്ധിച്ച്.

സൂചന :- 1.2023-24 അധ്യയന വർഷത്തേക്കുള്ള അക്കാദമിക കലണ്ടർ.

2.ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

******

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ, ബിരുദ പ്രോഗ്രാമുകളുടെ 2023-24 അക്കാദമിക വർഷത്തെ മൂന്നാം സെമെസ്റ്ററിലേക്ക് **കോളേജ് മാറ്റവും പുന:പ്രവേശനവും**,ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ എം സി എ , ബി എഡ് കോളേജുകളിലെയും ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെയും ബി എഡ്, പഠനവകുപ്പുകളിലെ ബിരുദാനന്തര ബിരുദം എന്നീ പ്രോഗ്രാമുകളുടെ മൂന്നാം സെമെസ്റ്ററുകളിലേക്ക് **പുനഃ പ്രവേശനത്തിനും** ആയി വിദ്യാർത്ഥികൾക്ക് 2023 **ജൂലൈ** 21 വരെ അപേക്ഷകൾ ഓൺലൈൻ മുഖേന സമർപ്പിക്കാവുന്നതാണ്.

വിദ്യാർത്ഥികളുടെ അപേക്ഷകളിന്മേൽ കോളേജ്/ വകുപ്പ് തലത്തിലുള്ള നടപടികൾ പൂർത്തിയാക്കി ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിന് പ്രിൻസിപ്പാൾമാർക്ക്/ പഠന വകുപ്പ് തലവന്മാർക്ക് സർവ്വകലാശാലയുടെ വെബ് പോർട്ടലിൽ 2023 **ജൂലൈ** 25 വരെ സമയം അനുവദിച്ച് ഉത്തരവായിട്ടുള്ളതായും അറിയിക്കുന്നു.

മേൽ സമയക്രമം പാലിച്ചു അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

ഒപ്പ് /-

Narayanadas K

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1.പ്രിൻസിപ്പാൾമാർ, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

2.വകുപ്പ് മേധാവികൾ/ അസിസ്റ്റന്റ് ഡയറക്ടർ / കോഴ്സ് ഡയരക്ടർ ,സർവകലാശാലയുടെ പഠന വകുപ്പുകൾ സെന്ററുകൾ

പകർപ്പ്:

സർവ്വകലാശാലയുടെ ഐ.ടി സെന്റർ ഡയരക്ടർ.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ